## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭാ പൊതുതിരഞ്ഞെടുപ്പ് അംഗങ്ങളുടെ സത്യപ്രതിജ്ഞ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

ജി.ഒ.(ആർ.റ്റി) നം. 2455/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 23/8/2012.

---

പരാമർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 13/8/12 -ലെ 1818/ബി/11/സം.തി.ക നമ്പർ കത്ത്.

**ഉത്തരവ്**

2012 സെപ്റ്റംബർ 4-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള എം 57 മട്ടന്നൂർ നഗരസഭാ തിരഞ്ഞെടുപ്പിനെത്തുടർന്ന് അംഗങ്ങളുടെ സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾക്ക് അംഗീകാരം നൽകണമെന്ന് പരാമർശം പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യപ്രകാരം താഴെപ്പറയുന്ന കാര്യങ്ങളിന്മേൽ കേരളാ മുനിസിപ്പാലിറ്റി നിയമം 143(1), 143(2) വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) മട്ടന്നൂർ നഗരസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാരുടെ സത്യപ്രതിജ്ഞക്കുള്ള തീയതി 10/9/2012 തിങ്കളാഴ്ചയായിരിക്കും.

2) നഗരസഭയുടെ ആദ്യയോഗം 10/9/2012 ൽ വിളിച്ചു കൂട്ടുന്നതിനായി, പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ അംഗത്തെ നാമനിർദ്ദേശം ചെയ്യുന്നതിനും, ആ അംഗത്തെ സത്യപ്രതിജ്ഞയോ/ ദൃഢപ്രതിജ്ഞയോ ചെയ്യിക്കുന്നതിനുമായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, കണ്ണൂർ എന്ന ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്നു.

3) നഗരസഭയുടെ ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെടുന്ന ആളെയും സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കുന്നതിന് അസിസ്റ്റന്റ്

ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി കണ്ണൂർ എന്ന ഉദ്യോഗസ്ഥനെ 143 (2) വകുപ്പ് പ്രകാരം അധികാരപ്പെടുത്തുന്നു.

4) നഗരസഭയിലെ മറ്റ് കൗൺസിലർമാരെ സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിന് മേൽപ്പറഞ്ഞ, തിരഞ്ഞെടുക്കപ്പെട്ട പ്രായം കൂടിയ അംഗത്തെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. ജമുന,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ